ശ്രീ. കെ. കഞ്ഞമ്പു : ഹരിജന ഡിപ്പാർട്ടുമെൻറിൽനിന്നും ഇവർക്കു തയ്യൽ മിഷ്യൻ വാങ്ങാനുംമറ്റും ഗ്രാൻറായും ലോണായും പണം കൊടുക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ടു്. അങ്ങനെ കൊടുക്കുന്നുമുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : രണ്ടു കൊല്ലത്തെ പരിശീലനം ആണു് കൊടുക്കുന്നതെന്നുപറഞ്ഞു. കെ. ജി. ടി. പരീക്ഷ പാസാകുന്നതിനു് എത്ര കൊല്ലം വേണമെന്നുപറയാമോ ?

ശ്രീ. കെ. കഞ്ഞമ്പു : ഹയർ പരീക്ഷയ്ക്കു ഇരിക്കാൻ സ്റ്റുഡൈനൽ പാസാകണം. മറ്റേതിനു തേഡ്പ്രാം. ആദ്യത്തെ പരീക്ഷയ്ക്കു അവിടെയും രണ്ടുകൊല്ലത്തെ കോഴ്സു മതിയാകും.

ശ്രീ പി. സി. ആദിച്ചൻ : ഈ സാമ്പത്തികവർഷം അവസാനിക്കാൻ ഇനി പത്തുദിവസമേ ഉള്ളൂ. ഈ വർഷത്തിൽ കഴിഞ്ഞ 355 ദിവസത്തിനുള്ളിൽ ഏതെങ്കിലും ഒരാളിനെങ്കിലും ഇവിടെ പറഞ്ഞതുപോലെ സഹായധനം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : എന്റെ കൈയിൽ വ്യക്തമായ കണക്കില്ല. ഇതിനു് പലർക്കും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടു്.

എണ്ണയാട്ട സഹകരണ സംഘങ്ങൾക്കു നൽകിയിട്ടുള്ള ലോൺ

* 810. [3] ശ്രീ. കെ. ഹസൻഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ കേരള ഖാദി ബോഡിൽ നിന്നും എണ്ണയാട്ട സഹകരണ സംഘങ്ങൾക്കായി എത്ര തുക ലോണായും ഗ്രാൻറായും നൽകിയിട്ടുണ്ടു് ;

(ബി) ലോണായി കൊടുത്ത തുകയിൽ എത്ര ശതമാനം മടക്കി കിട്ടിയിട്ടുണ്ടു് ;

(സി) ലോൺ അടച്ചുതീർക്കാത്ത ഏതെങ്കിലും സംഘങ്ങൾക്കു് വീണ്ടും ലോൺ നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര സംഘങ്ങൾക്കു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 16,57,856 രൂപാ ലോണും, 410,687 രൂപാ ഗ്രാൻറും നൽകിയിട്ടുണ്ടു്.

(ബി) 26 ശതമാനം.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ 5 വർഷത്തിനുള്ളിൽ അന്നു പ്രവർത്തിച്ചിരുന്ന സംഘങ്ങളൊക്കെ പ്രവർത്തിക്കുന്നുണ്ടോ ? ഇവ നടത്തിക്കൊണ്ടുപോകാൻ വളരെ വിഷമമുണ്ടു് ; നഷ്ടത്തിലാണു് എന്നും പറയുന്നു. പലതും കാര്യമായി പ്രവർത്തിക്കുന്നില്ലെന്നു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെയല്ല ഗവണ്മെൻറിന്റെ അറിവു്. 175 ആയിൽ സൊസൈറ്റികളാണു് രജിസ്റ്റർ ചെയ്തിട്ടുള്ളതു്. അവയിൽ 159 എണ്ണത്തിനു് സഹായധനം നൽകിയിട്ടുണ്ടു്. അവ നല്ലവണ്ണം പ്രവർത്തിക്കുന്നുണ്ടു്. ചിലതു് ലോൺ അടയ്ക്കുന്നതുള്ള കാലഘട്ടത്തിൽ മടങ്ങുന്നില്ലാത്തതിനാൽ അവയുടെ പേരിൽ നടപടിയെടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മത്തായി : ഈ സംഘങ്ങൾ ശരിയായി പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നുണ്ടോ ? ലോൺ എടുത്ത ശേഷം ചക്കിട്ട് എണ്ണയാട്ട് നടത്താത്തതുണ്ടോ ? എണ്ണയാട്ടാതെ കൊപ്ര കച്ചവടം നടത്തുന്ന സൊസൈറ്റികളുണ്ടെന്നു് ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അറിഞ്ഞുകൂടാ. അങ്ങനെ നടത്തുന്നതായി മെംബർക്കു് അറിവുണ്ടെങ്കിൽ അതറിയിച്ചാൽ നടപടി എടുക്കാം.

ശ്രീ. എസ്. കുമാരൻ : വാണിയ സമുദായത്തിലുള്ളവർ ചേർന്നു രൂപീകരിക്കപ്പെട്ട നെയ്യാറ്റിൻകര, മേപ്പുക്കട സൊസൈറ്റിക്കു് ലോണിനു് ചെക്കു കൊടുത്തിട്ടു രണ്ടുകൊല്ലമായിട്ടും മറ്റുള്ളവരുടെ സമ്മർദ്ദം മൂലം പണം വാങ്ങാൻ കഴിയാതെ ആ സൊസൈറ്റി വീർപ്പുമുട്ടുകയാണെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. രവീന്ദ്രൻ : എണ്ണയാട്ടുന്നതു് ഏതുതരം ചക്കിലാണു് ഒറക്കാളയെ കെട്ടുന്ന ചക്കാണെങ്കിൽ, കാളവാങ്ങാൻ ലോൺ കൊടുക്കുന്നുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : പരിഷ്ക്കരിച്ച ചക്കു് ഉപയോഗിക്കുന്നുണ്ടു്. അന്വേഷണത്തിൽ നാടൻ ചക്കാണു് എണ്ണയാട്ടുന്നതിനു് നല്ലതു് എന്ന അഭിപ്രായമുണ്ടു്. അതു് ഏതു കാളയെ കൊടുക്കുന്നതാണെന്നു അറിവില്ല.

ശ്രീ.കെ.കൃഷ്ണൻ: മിക്ക സഹകരണസംഘങ്ങളും കടലാസിൽ മാത്രമേയുള്ളുവെന്നും, ഒരു കാളയെക്കെട്ടി നാഴിയോ, ഇരുന്നാഴിയോ എള്ളു് ആട്ടി ഖാദി ബോർഡിൽനിന്നും പണം തട്ടിയെടുക്കുന്ന വിദ്യയാണു് നടത്തുന്നതെന്നുമറിയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : നേരേമറിച്ചാണു് ഗവണ്മെൻറിന്റെ അറിവു്. 1962-63-ൽ ഈ സൊസൈറ്റികൾ 39,06,000 രൂപാ വിലക്കുള്ള എണ്ണ ഉൽപ്പാദിപ്പിച്ചിട്ടുണ്ടു്.

ശ്രീ. പി. രവീന്ദ്രൻ : മേപ്പുക്കട സൊസൈറ്റിക്കു് ലോൺ കൊടുക്കുന്ന കാര്യം അന്വേഷിക്കാമെന്നു പറഞ്ഞു. ഖാദിക്കമ്മീഷൻ ഉദ്യോഗസ്ഥൻതന്നെ ഈ സംഘം കാര്യക്ഷമമായി പ്രവർത്തിക്കുന്നതാണെന്നും ലോൺ കൊടുക്കേണ്ടതാണെന്നും പറഞ്ഞിരിക്കെ അതിനെ തടസ്സപ്പെടുത്തുന്നതു് ശരിയല്ലെന്നു അറിയാമോ ? നിരവധി നിവേദനങ്ങളും ഈ കാര്യത്തിൽ കിട്ടിയിട്ടില്ലേ ? എന്തുകൊണ്ടാണു് നടപടിയെടുക്കാത്തതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഈ മാതിരി നിവേദനങ്ങളും കിട്ടിയിട്ടുണ്ടു്. നടപടിയെടുത്തു കഴിഞ്ഞിരിക്കുമെന്നാണു് ഞാൻ പ്രതീക്ഷിക്കുന്നതു്. അതുകൊണ്ടാണു് അന്വേഷിക്കാമെന്നു പറഞ്ഞതു്.

ഹോസിയറി (Hosiery) വ്യവസായം.

* 811. [4] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളത്തിൽ ഹോസിയറി (Hosier) വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) അയൽ സംസ്ഥാനമായ മദ്രാസിനെ അപേക്ഷിച്ചു് വളരെ കൂടുതൽ നികുതി ഈ വ്യവസായത്തിന്മേൽ ചുമത്തുന്നതുകൊണ്ടാണോ ഈ വ്യവസായം അഭിവൃദ്ധിപ്പെടുന്നതു് ;

LIBRARY ARCHIVES Kerala Legislative Assembly